സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം

18 (*108) ശ്രീ. എം. ഹംസ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച സർക്കാർ നയമെന്തെന്ന് വ്യക്തമാക്കാമോ ;

(ബി) സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) അനധികൃതമായി പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകൾക്ക് ഈ വർഷം അംഗീകാരം നൽകിയിട്ടുണ്ടോ ; ഈ സർക്കാർ അധികാരമേറ്റശേഷം ഇത്തരത്തിലുള്ള എത്ര സ്കൂളുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് ;

(ഡി) ഇതുസംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടാണോ ഈ സ്കൂളുകൾക്ക് എല്ലാം അംഗീകാരം നൽകിയിട്ടുള്ളത് ; വിശദമാക്കാമോ ;

(ഇ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണമെത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(എഫ്) അനധികൃത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനെതിരെ സമീപത്തുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ ; അവ അവഗണിച്ചത് എന്തുകൊണ്ടായിരുന്നു ; വിശദമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) 7-10-2011-ലെ സർക്കാർ ഉത്തരവ് G.O(Ms.)No.202/11/G.Edn. പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതും നിലവിൽ അഞ്ച് വർഷം പൂർത്തിയാക്കിയതുമായ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾക്കാണ് സർക്കാർ എൻ.ഒ.സി. നൽകിവരുന്നത്.

(ബി) സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന ചട്ടങ്ങൾ സംബന്ധിച്ച 7-10-2011-ലെ സർക്കാർ ഉത്തരവ് G.O.(Ms.) No.202/11/G.Edn. അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനധികൃതമായി പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടില്ല. G.O(Ms)No.202/11/G.Edn. പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അഞ്ച് വർഷം പൂർത്തിയാക്കിയിട്ടുള്ളതുമായ 540 സ്കൂളുകൾക്ക് ഈ സർക്കാർ എൻ.ഒ.സി. നൽകിയിട്ടുണ്ട്.

(ഡി) അതെ. G.O(Ms)No.202/11/G.Edn. പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതും നിലവിൽ അഞ്ച് വർഷം പൂർത്തിയാക്കിയതുമായ സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകൾക്കാണ് സർക്കാർ എൻ.ഒ.സി. നൽകിയിട്ടുള്ളത്.

(ഇ) കൃത്യമായ എണ്ണം കണക്കാക്കിയിട്ടില്ല.

(എഫ്) ആക്ഷേപങ്ങൾ ഉണ്ടായിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. കൂടാതെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നേരിട്ട് സന്ദർശനം നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷകൾ പരിശോധിക്കുന്നത്. പരാതി ലഭിച്ചാൽ വിശദമായി പരിശോധിച്ച ശേഷമാണ് എൻ.ഒ.സി. നൽകുന്നത്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

19 (*109) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഭൂരഹിതർക്ക് നൽകാൻ ഭൂമി കണ്ടെത്തുന്നതിനും വിതരണം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണ് ;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly